'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**നം.3048354/എസ്റ്റാ.ഡി3/7/2025/ധന**

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്,**
**തിരുവനന്തപുരം,**
**തീയതി : 11/03/2025**

അഡീഷണൽ ചീഫ് സെക്രട്ടറി
ധനകാര്യ വകുപ്പ്

ഡയറക്ടർ
കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്
ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ
ട്രഷറി ഡയറക്ടറേറ്റ്
പട്ടം, പട്ടം പാലസ് പി.ഒ
തിരുവനന്തപുരം

സർ

വിഷയം:- ധനകാര്യ വകുപ്പ് - ഭിന്നശേഷി സംവരണം-താൽക്കാലികമായി നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകർക്ക് എസ്.എൽ.ഐ, ജീവൻരക്ഷാ (ജി.പി.എ.ഐ.എസ്) പദ്ധതിയിൽ അംഗത്വം നൽകുന്നത് - സംബന്ധിച്ച്.

സൂചന :-
1) ഇൻഷ്വറൻസ് വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 21/01/2025 തീയതിയിലെ കെ.എസ്.ഐ.ഡി/903/2024-എച്ച്.ക്യു ജി.എസ്.1 നമ്പർ കത്ത്.
2) ട്രഷറി ഡയറക്ടറുടെ 05/02/2025- ലെ ഇ.121742 റ്റി.ആർ.വൈ/5947/2024-ഇ 3 നമ്പർ കത്ത്.
3) 19/10/2013 ലെ 79/എസ്റ്റാ.ഡി2/13/ധന നം. സർക്കുലർ.
4) സ.ഉ.(പി)നം.4/2025/ധന തീയതി 21/01/2025

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഭിന്നശേഷി സംവരണം പാലിച്ചതിന്റെ അടിസ്ഥാനത്തിലും കോടതി വിധികളുടെ അടിസ്ഥാനത്തിലും, താൽക്കാലികമായി നിയമനാംഗീകാരം ലഭിക്കുകയും PEN അനുവദിച്ച് നൽകുകയും ചെയ്തിട്ടുള്ള അദ്ധ്യപകർക്ക് എസ്.എൽ.ഐ, ജീവൻരക്ഷാ (ജി.പി.എ.ഐ.എസ്) പദ്ധതികകളിൽ അംഗത്വം നൽകുന്നതിന് അനുമതി നൽകുന്നു. ഇത് സംബന്ധിച്ച തുടർനടപടികൾ ഇൻഷ്വറൻസ് വകുപ്പും, ട്രഷറി വകുപ്പും സ്വീകരിക്കേണ്ടതാണ്.

സൂചന (4) പ്രകാരം ജീവൻരക്ഷാ (ജി.പി.എ.ഐ.എസ്) പദ്ധതിയിൽ അംഗത്വം സ്വീകരിക്കുന്നതിനുള്ള സമയപരിധി 2025 മാർച്ച് 31-ന് അവസാനിക്കുന്ന സാഹചര്യത്തിൽ ടി ജീവനക്കാർ സ്വന്തം നിലയ്ക്ക് ടി കാലയളവിനുള്ളിൽ ജീവൻരക്ഷാ പദ്ധതിയുടെ പ്രീമിയം തുക ഇൻഷ്വറൻസ് ആൻഡ് പെൻഷൻ ഫണ്ടിന് കീഴിൽ "8011-00-105-89 -ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി" എന്ന ശീർഷകത്തിൽ ട്രഷറിയിൽ നേരിട്ട് ഒടുക്കേണ്ടതാണ്. പ്രസ്തുത ജീവനക്കാർക്ക് ജീവൻരക്ഷാ പദ്ധതിയിൽ അംഗമാകുന്നതിന് ചുരുങ്ങിയ കാലയളവ് മാത്രമാണുള്ളത്

എന്ന കാരണത്താൽ ഇവരുടെ ജി.ഐ.എസ്, എസ്.എൽ.ഐ അംഗത്വം പരിഗണിക്കാതെ തന്നെ ജീവൻരക്ഷാ പദ്ധതിയുടെ പ്രീമിയം ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**ശ്രീനി ജി**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി

പകർപ്പ് :-

1. പൊതുവിദ്യാഭ്യാസ വകുപ്പ്
2. ഡയറക്ടർ , പൊതുവിദ്യാഭ്യാസം

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ